സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 260 2025 ഫെബ്രുവരി 11 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

അഞ്ചാം ക്ലാസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു; രണ്ട് പേർ പിടിയിൽ

പത്തനംതിട്ട: അടൂരിൽ അഞ്ചാം ക്ലാസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. കേസിൽ പ്രായപൂർത്തിയാകാത്ത ഒരാളടക്കം രണ്ടുപേരെ പൊലീസ് കസ്റ്റഡിയിലെടുത്തു. പെൺകുട്ടിയുടെ അയൽവാസിയായ പതിനാറുകാരനും കൂട്ടുപ്രതി എറണാകുളം സ്വദേശി സുധീഷുമാണ് പൊലീസിന്റെ പിടിയിലായത്. വായ പൊത്തിപ്പിടിച്ച് 16കാരനാണ് കുട്ടിയെ തട്ടിക്കൊണ്ടുപോയത്. ബഹളം വച്ച കുട്ടിയുടെ കൂട്ടുകാരെ സുധീഷ് പിടിച്ചുവച്ചു. ശേഷം പെൺകുട്ടിയെ കാടുപിടിച്ചുകിടക്കുന്ന വീട്ടിലെത്തിച്ചാണ് പീഡിപ്പിച്ചത്. യുവാക്കൾക്കെതിരെ പോക്സോ അടക്കമുള്ള വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

കെ വി അബ്ദുൽഖാദർ സി പി എം ജില്ലാ സെക്രട്ടറി

കുന്നംകുളം: പാർട്ടി സമവായങ്ങൾ മാറിമറിഞ്ഞ് ഒടുവിൽ കെ വി അബ്ദുൽ ഖാദർ സി പി എം ജില്ലാ സെക്രട്ടറിയായി. യുപി ജോസഫിന്റെ പേര് പ്രഥമപരിഗണനയിലായിരുന്നുവെങ്കിലും ഒടുവിൽ കെ വി അബ്ദുൽ ഖാദറിനെ സെക്രട്ടറിയായി പാർട്ടി നേതൃത്വം ഐക്യകണ്ഠേന അംഗീകരിക്കുകയായിരുന്നു. മുൻ ഗുരുവായൂർ എംഎൽഎയാണ് കെ വി അബ്ദുൽ ഖാദർ. ഇപ്പോൾ സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് അംഗമാണ്.

ആന എഴുന്നള്ളിപ്പ്: പൂരപ്രേമി സംഘം സുപ്രീം കോടതിയിൽ

തൃശൂർ : ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ടു കേരള ഹൈക്കോടതി പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്കെതിരെ പൂരപ്രേമി സംഘം സുപ്രീം കോടതിയിൽ. ഉത്തരവിനെതിരെ തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ നൽകിയ ഹർജിയിൽ കക്ഷിചേരാൻ സംഘം അപേക്ഷ നൽകി.

ഉത്തരവിന് കാരണമായ ഹർജി സുപ്രീം കോടതി ആഭ്യന്തര സമിതി പരിശോധിക്കുക, പ്രായോഗികമല്ലാത്ത നിർദേശങ്ങളും നിരീക്ഷണങ്ങളും പുനഃപരിശോധിക്കുക, ഉത്സവങ്ങൾക്കും എഴുന്നള്ളത്തിനും ഭരണഘടനാപരമായ സംരക്ഷണം നൽകുക. ക്ഷേത്രോത്സവങ്ങൾക്കു വിദേശ ധനസഹായം ലഭിക്കുന്നുവെന്ന ആരോപണം അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് പൂരപ്രേമി സംഘം ഉന്നയിക്കുന്നത്.

എഴുന്നള്ളത്തിനു നിയന്ത്രണങ്ങളേർപ്പെടുത്തിയ ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ബസും ബൈക്കും കൂട്ടിയിടിച്ച് യുവാവിന് ദാരുണാന്ത്യം

കുന്നംകുളം: ചൂണ്ടൽ സെന്ററിൽ ബസും ബൈക്കും കൂട്ടിയിടിച്ച് യുവാവിന് ദാരുണാന്ത്യം. വേലൂർ സ്വദേശി നീലങ്കാവിൽ ജസ്റ്റിന്റെ മകൻ ജോയൽ (19) ആണ് മരിച്ചത്. ഇന്ന് രാവിലെ 9 മണിയോടെയായിരുന്നു അപകടം നടന്നത്.

അടുത്തമാസം മുതൽ ആർസി ഡിജിറ്റലാകും

തിരു: അടുത്തമാസം ഒന്ന് മുതൽ വാഹനങ്ങളുടെ ആർസി ബുക്കുകൾ പൂർണമായും ഡിജിറ്റലാകും. ആർസി ബുക്കുകൾ പ്രിന്റെടുത്ത് നൽകുന്നതിന് പകരമായിട്ടാണ് ഡിജിറ്റൽ രൂപത്തിലാക്കുന്നത്. ഇതിന്റെ ഭാഗമായി ചില നിർദേശങ്ങളും ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ മാസം തന്നെ എല്ലാ വാഹന ഉടമകളും ആർസിയും ഫോൺ നമ്പറും ബന്ധിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണം. ആധാറുമായി ലിങ്ക് ചെയ്തിരിക്കുന്ന ഫോൺ നമ്പറുകളാണ് നൽകേണ്ടതെന്നും ഗതാഗത കമ്മീഷണർ എച്ച് നാഗരാജു പറഞ്ഞു. സ്വന്തമായോ അല്ലെങ്കിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയോ നമ്പറുകൾ അപ്ഡേറ്റ് ചെയ്യാമെന്നും അദ്ദേഹം വ്യക്തമാക്കി. വാഹനം വാങ്ങി ഒരു മണിക്കൂറിനുള്ളിൽ തന്നെ പരിവാഹൻ വാഹൻ വെബ്സൈറ്റിൽ നിന്ന് ആർസി ബുക്ക് ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

യു.കെ.യിലും ട്രംപ് മോഡൽ

അനധികൃത കുടിയേറ്റക്കാർക്കായി തിരച്ചിൽ; ഇന്ത്യൻ റസ്റ്ററന്റുകളിലടക്കം റെയ്ഡ്

ലണ്ടൻ: യു.എസിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അനധികൃത കുടിയേറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിച്ചതിന് പിന്നാലെ യു.കെ.യിലും സമാനരീതിയിലുള്ള നടപടികളെന്ന് റിപ്പോർട്ട്. രാജ്യത്ത് അനധികൃതമായി ജോലിചെയ്യുന്നവരെ കണ്ടെത്താനായാണ് യു.കെ. ഭരണകൂടം വ്യാപകമായ പരിശോധന നടത്തുന്നത്. രാജ്യത്തെ ഇന്ത്യൻ റസ്റ്ററന്റുകളിലും നെയിൽ ബാറുകളിലും കാർ വാഷിങ് സെന്ററുകളിലും ഗ്രോസറി സ്റ്റോറുകളിലും ഇത്തരത്തിൽ പരിശോധന നടന്നതായി റിപ്പോർട്ടുകളിൽ പറയുന്നു.

വിവിധ റസ്റ്ററന്റുകൾ ഉൾപ്പെടെ 828 കേന്ദ്രങ്ങളിൽ ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് സംഘങ്ങൾ റെയ്ഡ് നടത്തിയതായി യു.കെ. ഹോം സെക്രട്ടറി യെവെറ്റ് കൂപ്പർ സ്ഥിരീകരിച്ചു. ഈ റെയ്ഡുകളിൽ 609 പേരെ അറസ്റ്റ് ചെയ്തതായും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് 73 ശതമാനം കൂടുതലാണെന്നും ആഭ്യന്തര സെക്രട്ടറി പ്രസ്താവനയിൽ വ്യക്തമാക്കി.

കുടിയേറ്റ നിയമങ്ങൾ നിർബന്ധമായും പാലിക്കുകയും നടപ്പാക്കുകയും വേണം. ഏറെക്കാലമായി തൊഴിലുടമകൾ അനധികൃത കുടിയേറ്റക്കാരെ സ്വീകരിക്കുകയും അവരെ ചൂഷണത്തിനിരയാക്കുകയും ചെയ്തു. ഇതുവരെ നടപടിയൊന്നുമില്ലാത്തതിനാൽ നിരവധിപേർക്ക് ഇങ്ങനെ രാജ്യത്ത് വരാനും അനധികൃതമായി ജോലിചെയ്യാനും കഴിഞ്ഞെന്നും ഹോം സെക്രട്ടറി പറഞ്ഞു.

കഴിഞ്ഞമാസം വിവിധ റസ്റ്ററന്റുകളിലും കഫെകളിലും ഉൾപ്പെടെ ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് പരിശോധന നടത്തിയിരുന്നു. ഹംബർസൈഡിലെ ഒരു ഇന്ത്യൻ റസ്റ്ററന്റിലും റെയ്ഡ് നടന്നു. ഇവിടെനിന്ന് മാത്രം ഏഴുപേരെയാണ് അറസ്റ്റ് ചെയ്തതെന്നും റിപ്പോർട്ടുകളിലുണ്ട്.

അനധികൃത കുടിയേറ്റക്കാരെ രാജ്യത്തുനിന്ന് നാടുകടത്തുന്ന വീഡിയോയും കഴിഞ്ഞദിവസം യു.കെ. ആഭ്യന്തര വകുപ്പ് പുറത്തുവിട്ടിരുന്നു. വിദേശ കുറ്റവാളികൾ, അനധികൃത കുടിയേറ്റക്കാരായ കുറ്റവാളികൾ, അഭയാർഥികൾ എന്നിവരടക്കം 19,000 പേരെ ഇത്തരത്തിൽ നാടുകടത്തിയെന്നായിരുന്നു ആഭ്യന്തരവകുപ്പ് വെളിപ്പെടുത്തിയത്. കുടിയേറ്റനിയമങ്ങൾ ലംഘിക്കുന്നവർക്ക് ഇത് ശക്തമായ സൂചനയാണെന്നും ബന്ധപ്പെട്ടവർ പറഞ്ഞിരുന്നു.

കൂർക്കഞ്ചേരി ശ്രീമാഹേശ്വര ക്ഷേത്രത്തിൽ തൈപൂയ മഹോത്സവത്തിലെ കാവടിയാട്ടം

ഇരിങ്ങാലക്കുടയിൽ വൻ തീപിടുത്തം

ഇരിങ്ങാലക്കുട: നഗര മധ്യത്തിലെ പറമ്പിൽ വൻ തീപിടുത്തം. ഇന്നലെ രാത്രി ഏഴുമണിക്കാണ് സംഭവം. ഇരിങ്ങാലക്കുട തെക്കേ അങ്ങാടിയിൽ നിന്നും കോമ്പാറക്കു പോകുന്ന വഴിയിലെ പറമ്പിലാണ് തീപിടുത്തം ഉണ്ടായത്. പൊക്കത്ത് വീട്ടിൽ ആന്റോ, പൊക്കത്ത് വീട്ടിൽ ജോൺസൺ, ഐക്കരവീട്ടിൽ ഐ.സി മേനോൻ എന്നിവരുടെ പറമ്പിലാണ് തീപടർന്നത്. മൂന്നു ഏക്കറോളം വരുന്ന പറമ്പിലെ ഉണക്ക പുല്ലും പൊന്തകാടും കത്തി നശിച്ചു. ഇരിങ്ങാലക്കുട ഫയർ ഫോഴ്സ് സംഘം എത്തിയാണ് തീ അണച്ചത്. രണ്ട് മണിക്കൂർ നീണ്ട പരിശ്രമങ്ങൾക്ക് ശേഷമാണ് തീ അണക്കുവാൻ സാധിച്ചത്. ഇരിങ്ങാലക്കുട ഫയർഫോഴ്സ് സീനിയർ ഓഫീസർ എസ് സജയൻ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ.സി സജീവ്, ഓഫീസർമാരായ ടി.ടി പ്രദീപ്, ഉല്ലാസ്.എം ഉണ്ണികൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് തീ അണച്ചത്.

640 രൂപയുടെ വർധനവുണ്ടായ സ്വർണവിലയിൽ ഇടിവ്, 400 രൂപയുടെ

കോഴിക്കോട്: ഇന്ന് രാവിലെ 640 രൂപയുടെ വർധനവുണ്ടായ സ്വർണവിലയിൽ ഇടിവ്. 400 രൂപയുടെ കുറവുണ്ടായി. ഡോളറിനെതിരെ രൂപയുടെ വിനിമയ മൂല്യത്തിൽ വർധനവുണ്ടായതോടെയാണ് കൂടിയ സ്വർണവില കുറഞ്ഞത്. ഇതോടെ, പവൻ വില 64,080 ആയി.

ഇന്നലെ 63,840 രൂപയായിരുന്നു പവൻ വില. ഇന്ന് രാവിലെ 640 രൂപ വർധിച്ച് 64,480 രൂപയായിരുന്നു. ഇന്ന് രാവിലെ സ്വർണ്ണവില നിശ്ചയിക്കുമ്പോൾ 87.29 ആയിരുന്നു ഡോളറിനെതിരെ രൂപയുടെ വിനിമയ നിരക്ക്. 10 മണിക്ക് ശേഷം 86.86ലേക്ക് രൂപ കരുത്ത് നേടി. 43 പൈസയുടെ വ്യത്യാസമാണുണ്ടായത്. ഇത് സ്വർണവിലയിൽ പ്രതിഫലിച്ചതോടെയാണ് കൂടിയ വിലയിൽ നിന്ന് 400 രൂപ കുറഞ്ഞത്.

സീസണിലെ ഉയർന്ന ഡിമാൻഡും അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ താരിഫ് നയങ്ങളും യു.എസ് സമ്പദ് വ്യവസ്ഥയിലെ അനിശ്ചിതാവസ്ഥയും കാരണം സ്വർണവിലയിൽ കഴിഞ്ഞ ദിവസങ്ങളിലായി വൻ കുതിപ്പാണ്. സ്റ്റീലിനും അലുമിനിയത്തിനും 25 ശതമാനം ഇറക്കുമതി തീരുവ ഏർപ്പെടുത്താൻ ട്രംപ് ഭരണകൂടം തീരുമാനിച്ചതോടെ രണ്ടു ദിവസമായി വലിയതോതിൽ വില ഉയർന്നിരുന്നു.ഫെബ്രുവരി ഒന്നിന് 61,960 രൂപയായിരുന്നു വില. ഈ വർഷം ജനുവരി ഒന്നിന് 57,200 രൂപയായിരുന്നു പവൻ വില. ജനുവരി 22നാണ് 60,000ൽ തൊട്ടത്. ജനുവരിയിൽ മാത്രം 4640 രൂപയാണ് പവന് വർധിച്ചത്.

കടൽ മണൽ ഖനനം: മൽസ്യ ബന്ധനത്തെ പ്രതികൂലമായി ബാധിക്കും– സജി ചെറിയാൻ

തിരു: കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കടൽ മണൽ ഖനനം സംസ്ഥാനത്തെ മൽസ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

ഈവിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മൽസ്യത്തൊഴിലാളികളുടെയും ആശങ്കകളും വിയോജിപ്പും ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചുവെന്നും സി.സി മുകുന്ദൻ, ഇ.കെ. വിജയൻ, ജി.എസ് ജയലാൽ, ഇ.ടി ടൈസൺ മാസ്റ്റർ എന്നിവർക്ക് മന്ത്രി മറുപടി നൽകി. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽമുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്.

ഖനനത്തിനായി ഈ മേഖലയിലേക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും.

ഷൈൻ ടോം ചാക്കോ കുറ്റവിമുക്തൻ; കൊച്ചി കൊക്കെയ്ൻ കേസിൽ നടനേയും മോഡലുകളേയും വെറുതെവിട്ടു

കൊച്ചി: കൊക്കെയ്ൻ കേസിൽ നടൻ ഷൈൻ ടോം ചാക്കോ കുറ്റവിമുക്തൻ. നടൻ ഉൾപ്പെടെ കേസിലെ എല്ലാ പ്രതികളേയും എറണാകുളം സെഷൻസ് കോടതി വെറുതെവിട്ടു.

എട്ട് പ്രതികളായിരുന്നു കേസിലുണ്ടായിരുന്നത്. ഇവരിൽ ഒരാൾ ഒഴികെ എല്ലാവരും വിചാരണ നേരിട്ടിരുന്നു. തുടർന്ന്, മുഴുവൻ പ്രതികളേയും കോടതി കുറ്റവിമുക്തരാക്കി. ഷൈൻ ടോം ചാക്കോയ്ക്കുവേണ്ടി അഭിഭാഷകൻ രാമൻ പിള്ള കോടതിയിൽ ഹാജരായി.

കൊച്ചി കടവന്ത്രയിലെ ഫ്ളാറ്റിൽ നടത്തിയ റെയ്ഡിലാണ് നടൻ ഷൈൻ ടോം ചാക്കോയും മോഡലുകളും പിടിയിലാവുന്നത്. 2015 ജനുവരി 30–നായിരുന്നു സംഭവം. 2018 ഒക്ടോബറിലായിരുന്നു അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണ ആരംഭിച്ചത്. കേരളത്തിലെ ആദ്യത്തെ കൊക്കെയ്ൻ കേസായിരുന്നു ഇത്.

സ്ഥാപന ഉടമ മോശമായി പെരുമാറിയെന്ന് ആരോപണം; അടൂരിലെ 19–കാരിയുടെ മരണത്തിൽ പ്രതിഷേധ മാർച്ച്

പത്തനംതിട്ട: അടൂരിൽ 19–കാരി ഗായത്രിയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് യുവജനസംഘടനകൾ മാർച്ച് നടത്തി. ഡിവൈഎഫ്ഐ–യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് പ്രതിഷേധ മാർച്ച് നടത്തിയത്. കൂടൽ സ്വദേശിയായ ഗായത്രിയെ കഴിഞ്ഞ ദിവസമാണ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത്.

അടൂർ റവന്യൂ ടവറിലെ രണ്ടാംനിലയിൽ പ്രവർത്തിക്കുന്ന ദ്രോണ ഡിഫെൻസ് അക്കാദമി ആന്റ് യോഗ സെന്റർ എന്ന സ്ഥാപനത്തിൽ ഗായത്രി പരിശീലനത്തിന് ചേർന്നിരുന്നു. സ്ഥാപന ഉടമയായ പ്രദീപ് പെൺകുട്ടിയോട് മോശമായി പെരുമാറിയിരുന്നുവെന്നും ഇതിൽ മനം നൊന്താണ് മകൾ ആത്മഹത്യ ചെയ്തതെന്നും ഗായത്രിയുടെ അമ്മ രാജി ആരോപിച്ചിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് പ്രവർത്തകർ പ്രതിഷേധവുമായെത്തിയത്.

ആദ്യഘട്ടത്തിൽ ഡിവൈഎഫ്ഐ പ്രവർത്തകർ ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊടികെട്ടിവെച്ച് പ്രതിഷേധിച്ചു. പിന്നീട് യൂത്ത് കോൺഗ്രസ് പ്രവർത്തകരും പ്രതിഷേധവുമായെത്തി. യൂത്ത് കോൺഗ്രസ് സ്ഥാപനത്തിന്റെ ബോർഡുകൾ വലിച്ചുകീറി പ്രതിഷേധിച്ചു.

പെൺകുട്ടിയുടെ ആത്മഹത്യക്ക് ശേഷം സ്ഥാപനം അടഞ്ഞുകിടക്കുകയാണ്. സ്ഥാപനത്തിന് പോലീസ് കാവലുണ്ട്. വിമുക്തഭടനായ സ്ഥാപന ഉടമ ഒളിവിലാണ്. ഇയാളുടെ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്തനിലയിലാണ്. സ്ഥാപന ഉടമ തന്റെ അഭിഭാഷകൻ മുഖേന അടൂർ പോലീസുമായി ബന്ധപ്പെട്ടിരുന്നുവെന്നാണ് ലഭ്യമായ വിവരം.

മുറിഞ്ഞകൽ പാറക്കടവ് വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ചിറ്റാർ അഞ്ചേക്കർ കോളനിക്ക് സമീപം മുണ്ടൻവിളയിൽ ആദർശിന്റെ മകളാണ് ഗായത്രി. കുമ്പഴയിലുള്ള സ്വകാര്യസ്ഥാപനത്തിൽ ജോലിക്ക് പോയിവന്ന അമ്മ രാജിയാണ് മകളെ തിങ്കളാഴ്ച വൈകീട്ട് നാലരയ്ക്ക് വാടകവീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. ഉടൻതന്നെ തൂങ്ങാൻ ഉപയോഗിച്ച ഷാൾ അറത്തുമാറ്റി താഴെ ഇറക്കി പ്രാഥമിക ശുശ്രൂഷ നൽകി കോന്നി താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു. അച്ഛൻ ആദർശിന് ഡ്രൈവിങ് ജോലിയാണ്.

കയർ ബോർഡിലെ ജീവനക്കാരിയുടെ മരണത്തിൽ അന്വേഷണം; 15 ദിവസത്തിനകം റിപ്പോർട്ട് നൽകണം

കൊച്ചി: കയർ ബോർഡിലെ ജീവനക്കാരിയുടെ മരണത്തിൽ അന്വേഷണ കമ്മിഷൻ രൂപീകരിച്ച് കേന്ദ്ര എം എസ് എം ഇ (മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ്) മന്ത്രാലയം. ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കാൻ മൂന്നംഗ സമിതിയാണ് രൂപീകരിച്ചത്. 15 ദിവസത്തിനകം റിപ്പോർട്ട് നൽകാനാണ് കയർ ബോർഡ് നിർദേശം നൽകിയത്.

കൊച്ചി ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ സെക്ഷൻ ഓഫീസർ വെണ്ണല ചളിക്കവട്ടം പയ്യപ്പള്ളിവീട്ടിൽ ജോളി മധു (56)വാണ് മരിച്ചത്. ക്യാൻസർ അതിജീവിതയായിരുന്നു. തലച്ചോറിൽ രക്തസ്രാവത്തെ തുടർന്ന് ജനുവരി 31 മുതൽ അമൃത ആശുപത്രിയിൽ വെന്റിലേറ്ററിലായിരുന്നു.

ബോർഡിലെ മുൻ സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ മാനസികമായി പീഡിപ്പിക്കുകയും രണ്ടു വിജിലൻസ് കേസുകളിൽ പ്രതിയാക്കുകയും ചെയ്തതാണ് ജോളി രോഗിയാകാൻ കാരണമെന്ന് ബന്ധുക്കൾ ആരോപിച്ചിരുന്നു. പ്രധാനമന്ത്രിക്കുൾപ്പെടെ പരാതികൾ നൽകിയെങ്കിലും അനുകൂല നടപടികളുണ്ടായില്ലെന്ന് സഹോദരൻ എബ്രഹാം പറഞ്ഞിരുന്നു.

പദ്ധതികളിലും ഇടപാടുകളിലും അഴിമതിയും ക്രമക്കേടുകളും ജോളി കണ്ടെത്തി ഫയലിൽ രേഖപ്പെടുത്തിയിരുന്നു. ആന്ധ്രപ്രദേശിലേക്ക് സ്ഥലംമാറ്റിയപ്പോൾ ക്യാൻസർ ബാധിച്ചത് കാണിച്ച് കഴിഞ്ഞ ഒക്ടോബറിൽ അവധിക്ക് അപേക്ഷിച്ചെങ്കിലും നിരസിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ മെഡിക്കൽ ബോർഡ് മെഡിക്കൽ അവധി നൽകിയ ശേഷമാണ് അവധി അനുവദിച്ചത്. തുടർന്ന് സ്ഥലം മാറ്റം റദ്ദാക്കിയെങ്കിലും സെക്രട്ടറി ഉൾപ്പെടെയുള്ളവരോട് മാപ്പു പറഞ്ഞില്ലെങ്കിൽ കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തി. ഇതിന്റെ സമ്മർദ്ദമാണ് തലച്ചോറിൽ രക്തസ്രാവത്തിനു കാരണമെന്ന് എബ്രഹാം വ്യക്തമാക്കി.

ബോർഡിനെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ചെയർമാൻ വിപുൽ ഗോയൽ വാർത്താക്കുറിപ്പിൽ പറഞ്ഞു.

1996ലാണ് എൽ.ഡി ക്ളർക്കായി ജോളി മധു ജോലിയിൽ പ്രവേശിച്ചത്. ആന്ധ്രാപ്രദേശിലെ രാജമുന്ദ്രിയിലേക്ക് സ്ഥലം മാറ്റിയത് ഭരണപരമായ നടപടിയാണ്. ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതോടെ സ്ഥലംമാറ്റം റദ്ദാക്കുകയും ശമ്പളക്കുടിശിക നൽകുകയും ചെയ്തു. ബോർഡിൽ വീഴ്ച കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ആനക്കലി: ഈ വർഷം ഇതുവരെ 6ജീവൻ

വയനാട്: പശുവിനെ അഴിച്ചുകെട്ടാൻ പോയപ്പോൾ, സാധനങ്ങൾ വാങ്ങി മടങ്ങിവരുന്നതിനിടെ, വീടിനടുത്തെ അരുവയിലേക്ക് കുളിക്കാൻ പോയപ്പോൾ... ഇക്കഴിഞ്ഞ ദിവസങ്ങളിൽ കാട്ടാനകളുടെ ആക്രമണത്തിൽ മാത്രം സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ആളുകൾ കൊല്ലപ്പെട്ട സംഭവങ്ങളെക്കുറിച്ചാണ് പറയുന്നത്. കാട്ടാനയും കടുവയും കാട്ടുപന്നിയുമൊക്കെച്ചേർന്ന് ദുരിതമയമാക്കുകയാണ് ജനജീവിതം. വന്യജീവി ആക്രമണങ്ങളെ തുടർന്നുള്ള മരണങ്ങൾ സാധാരണവാർത്തകളായി മാറുന്നു. കാട്ടാന ആക്രമിച്ച് കൊന്നതിൽ ഏറ്റവും ഒടുവിലത്തെ സംഭവം വയനാട്ടിലെ നൂൽപ്പുഴയിൽ നിന്നാണ്. ഇന്നലെ വൈകിട്ട് കടയിൽ പോയി സാധനങ്ങൾ വാങ്ങി മടങ്ങിവരുമ്പോഴാണ് കാപ്പാട് ഉന്നതിയിലെ മനു എന്ന 45കാരന് കാട്ടാന ആക്രമണത്തിൽ ജീവൻ നഷ്ടമാകുന്നത്.

തിങ്കളാഴ്ച ഇടുക്കി പെരുവന്താനത്ത് കാട്ടാന ആക്രമണത്തിൽ സോഫിയ എന്ന 45–കാരിക്ക് ജീവൻ നഷ്ടമായി. ടി.ആർ. ആൻഡ് ടി. തോട്ടത്തിൽ തിങ്കളാഴ്ച വൈകിട്ട് ആറുമണിയോടെ ആയിരുന്നു സംഭവം. വീടിന് അടുത്തുള്ള അരുവിയിൽ കുളിക്കാൻ പോയപ്പോഴാണ് സോഫിയയെ ആന ആക്രമിച്ച് കൊലപ്പെടുത്തിയത്. നാലുദിവസത്തിനിടെ ഇടുക്കി ജില്ലയിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെടുന്ന രണ്ടാമത്തെ ആളാണ് സോഫിയ എന്നറിയുമ്പോഴാണ് കാട്ടാനക്കലിയുടെ തീവ്രത വ്യക്തമാകുന്നത്. തീർന്നില്ല, 2024–ൽ മാത്രം ജില്ലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് ഏഴുപേരാണ്. നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

വനവിഭവങ്ങൾ ശേഖരിക്കാൻ പോയ മധ്യവയസ്കനെ കാട്ടാന ചവിട്ടിക്കൊന്ന നിലയിൽ കണ്ടെത്തിയതും തിങ്കളാഴ്ചയായിരുന്നു. കുളത്തൂപ്പുഴ വനം റേഞ്ച് പരിധിയിൽ പെട്ട വേല ഇലവുപാലം അടിപറമ്പ് തടത്തരികത്ത് വീട്ടിൽ ബാബു (54) എന്നയാളെയാണ് തിങ്കളാഴ്ച രാത്രി 8 മണിയോടെ പരിസരവാസികൾ നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. കഴിഞ്ഞ 4 ദിവസമായി ബാബുവിനെ കാണാനില്ലായിരുന്നു. കുളത്തൂപ്പുഴ വനം പരിധിയിൽപ്പെട്ട അടിപറമ്പ് ശാസ്താംനട കാട്ടുപാതയ്ക്ക് സമീപമാണ് ബാബുവിന്റെ വസ്ത്രങ്ങൾ ആദ്യം കണ്ടത്. തുടർന്ന് ബന്ധുക്കളും നാട്ടുകാരും നടത്തിയ അന്വേഷണത്തിന് ഒടുവിലാണ് നീർച്ചാലിന് സമീപത്തായി ആന ചവിട്ടിക്കൊന്ന നിലയിൽ ബാബുവിന്റെ മൃതദേഹം കണ്ടെത്തിയത്.

നടപ്പുസാമ്പത്തിക വർഷത്തിൽ (2024–25) ഇതുവരെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടത് 57 പേരാണ്. ഇതിൽ ഏറ്റവും കൂടുതൽ പേർക്ക് ജീവൻ നഷ്ടപ്പെട്ടത് കാട്ടാനയുടെ ആക്രമണത്തിലാണ്, 15 പേർക്ക്. കാട്ടുപന്നി ആക്രമണത്തിൽ എട്ടുപേരും കടുവയുടെ ആക്രമണത്തിൽ ഒരാളും പാമ്പുകടിയേറ്റ് 32 പേരും കൊല്ലപ്പെട്ടിട്ടുണ്ട്. മുള്ളൻപന്നിയുടെ ആക്രമണത്തിൽ ഇക്കാലയളവിൽ ഒരാൾക്കും ജീവൻ നഷ്ടപ്പെട്ടു. അതേസമയം, 2025–ൽ വന്യജീവി ആക്രമണത്തിൽ ഇതുവരെ കൊല്ലപ്പെട്ടത് 12 പേരാണ്. ഇതിൽ ആറുപേർക്ക് ജീവൻ നഷ്ടപ്പെട്ടത് കാട്ടാന ആക്രമണത്തിലാണ് കാട്ടുപന്നിയുടെ ആക്രമണത്തിൽ ഒരാൾക്കും കടുവയുടെ ആക്രമണത്തിൽ ഒരാൾക്കും പാമ്പുകടിയേറ്റ് നാലുപേർക്കും ജീവൻ നഷ്ടമായെന്ന് വനംവകുപ്പിന്റെ കണക്ക് വ്യക്തമാക്കുന്നു. ഇനി ഫെബ്രുവരി മാസത്തെ മാത്രം കണക്കുനോക്കിയാൽ, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് 5 പേരാണ്. പാമ്പുകടിയേറ്റ് ഒരാൾക്കും ജീവൻ നഷ്ടമായിട്ടുണ്ട്.

കോടതി പരസ്യം

ബഹു. തൃശൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ

CC: 692/2024

പുഷ്കരൻ എം ആർ, 70 വയസ്, S/o. രാഘവൻ, മാടത്തിങ്കൽ ഹൗസ്, തളിക്കുളം വില്ലേജ്, തളിക്കുളം പി ഒ., കച്ചേരിപ്പടി വെസ്റ്റ്, ചാവക്കാട് താലൂക്ക് തൃശൂർ ജില്ല പിൻ–680569 Mob: 9495392379

–ഹരജിക്കാരൻ

1) പ്രവാസി മലയാളം ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അഡ്വ.എ.ഡി.ബെന്നിക്ക് അക്ഷരായനം പുരസ്കാരം സമർപ്പിച്ചു

തൃശൂർ: അഡ്വ.എ.ഡി.ബെന്നിക്ക് പംക്തി എഴുത്തുകാരനുള്ള അക്ഷരായനം പുരസ്കാരം സമർപ്പിച്ചു.തൃശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച അക്ഷരായനം അഷ്ടദളം വായനോത്സവത്തിൽ വെച്ചാണ് ഡോ.സി. രാവുണ്ണി ബെന്നി വക്കീലിന് പുരസ്കാരം നല്കിയത്.സാഹിത്യം, ചരിത്രം, ശാസ്ത്രം, നിയമം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി ആയിരത്തിലധികം വീഡിയോകൾ ബെന്നിവക്കീലിന്റേതായി പ്രസിദ്ധീകരിച്ചുകഴിഞ്ഞു.ആയിരത്തിലധികം ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഉപഭോക്തൃ കേസുകൾ നടത്തി റെക്കോഡിട്ടുള്ള ബെന്നിവക്കീൽ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകസെക്രട്ടറിയും, ഇപ്പോഴത്തെ ഡയറക്ടറുമാണ്. പത്മവ്യൂഹം ഭേദിച്ച് എന്ന ബെന്നിവക്കീലിന്റെ ജീവചരിത്രഗ്രന്ഥം പ്രചോദനാത്മകമാണ്.വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു.ഡോ.സി. രാവുണ്ണി അദ്ധ്യക്ഷത വഹിച്ചു.സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി മുഖ്യപ്രഭാഷണം നടത്തി. സി.ആർ.ദാസ് ,കെ.എൻ.യശോധരൻ, ഡോ.കെ.ധനലക്ഷ്മി. ഡോ.ബെന്നി ജേക്കബ്ബ് മായ വിനോദ് എന്നിവർ പ്രസംഗിച്ചു.

ഗ്രീൻ വയലൻസിന്റെ മുപ്പത്തിയേഴമത് വാർഷികാഘോഷം കേരള സാഹിത്യ അക്കാദമി മുൻ പബ്ലിഷിംഗ് ഓഫീസർ ഇ. ഡി. ഡേവിസ് ഉദ്ഘടാനം ചെയ്യുന്നു

അനുസ്മരണം

ഗുരുവായൂർ: സോഷ്യലിസ്റ്റ് നേതാവും ജനതാദൾ ജില്ലാ വൈസ് പ്രസിഡണ്ടുമായിരുന്ന കെ.കെ. മോഹൻ റാമിന്റെ ഒമ്പതാം ചരമവാർഷികം ആർ ജെ ഡി ഗുരുവായൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നു. അനുസ്മരണ ചടങ്ങിൽ നിയോജക മണ്ഡലം പ്രസിഡണ്ട് റഹിം വീട്ടി പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. യോഗം ജില്ലാ വൈസ് പ്രസിഡണ്ട് പി.ഐ. സൈമൺ ഉൽഘാടനം ചെയ്തു. വർക്കിംഗ് പ്രസിഡണ്ട് ആർ കെ ജയരാജ്, ജില്ലാ ജോസെക്രട്ടറി ടി എൻ മുകുന്ദൻ, സെക്രട്ടറി അശ്വൻ എം.വി എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

മാർ തോമ ശ്ലീഹ പള്ളിയിലെ ബാ ഊത്ത പ്രാർത്ഥന ശുശ്രൂഷയിൽ വൈദികരുംവിശ്വസികളും.

ബാഊത്ത ഭക്തി നിർഭരം

പട്ടിക്കാട്: മാർ തോമ ശ്ലീഹ പള്ളിയിൽ ഭക്തി നിർഭരമായ പ്രാർത്ഥന ശുശ്രൂഷകളോടെ ബാ ഊത്ത (മുന്ന് നോയമ്പ്) തുടങ്ങി. നിരവധി വിശ്വസികൾ പങ്കെടുത്തു. റവ.ഡേവിസ് കുറ്റിക്കാടൻ, റവ. സിറിൽ ആന്റണി, റവ.നിപുൻ അറക്കൽ എന്നിവർ നേതൃത്വം നൽകി. നേർച്ച കഞ്ഞി കഴിച്ചാണ് ഉപവാസം അവസാനിപ്പിച്ചത്. ചൊവ്വ, ബുധൻ ദിവസങ്ങളിലും ബാ ഊത്ത തുടരും. വ്യാഴാഴ്ച സോസ്ത്ര വിശുദ്ധ കുർബാനയോടെ മുന്ന് നോയമ്പ് സമാപിക്കും.

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ബാഊത്ത ആരംഭിച്ചു

തൃശ്ശൂർ : സുറിയാനി പ്രാർത്ഥനാ ശീലുകളാലും സങ്കീർത്തനാലാപനത്താലും മുഖരിതമായ ആത്മീയ അന്തരീക്ഷത്തിൽ പൗരസ്ത്യ കൽദായ സുറിയാനി സഭാ വിശ്വാസികളുടെ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരമ്പരാഗത ഉപവാസ അനുഷ്ഠാനം തിങ്കളാഴ്ച മുതൽ മാർത്ത് മറിയം വലിയ പള്ളി, മാർ യോഹന്നാൻ മാംദ്ദാന പള്ളി കിഴക്കേകോട്ട,മാർ തോമാ ശ്ലീഹാ പള്ളി പട്ടിക്കാട്, സെന്റ്തോമാസ് പള്ളി എറണാകുളം, മാർ കർദ്ദാക് സഹ്ദാ പള്ളി ചെന്നൈ, മാർ തിമൊഥെയൂസ് പള്ളി ബാംഗ്ളൂർ എന്നിവടങ്ങളിൽ രാവിലെ 7 മണിക്ക് ആരംഭിച്ചു. തികൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ രാവിലെ 7 മണി മുതൽ മൂന്ന് നോമ്പിന്റെ ആരാധനകളും തുടർന്ന് വി.കുർബ്ബാനയോടെ 3 മണിക്ക് അവസാനിക്കുന്നു. ബാഊത്ത അഥവാ യാചന എന്ന മൂന്ന് നോമ്പ് ആചരണം വ്യാഴാഴ്ച രാവിലെ 7 മണിക്ക് അർപ്പിക്കുന്ന സ്തോത്ര വിശുദ്ധ കുർബാനയോടെ സമാപിക്കുന്നു.സഭയുടെ പൂർവ്വപിതക്കൻമാരാൽ നൂറ്റാണ്ടുകൾക്ക് മുമ്പ് രചിക്കപ്പെട്ട സുറിയാനിയിലുള്ള അപൂർവ്വ പ്രാർത്ഥനാ ഗ്രന്ഥമായ ഹുദ്രാ എന്ന മൂന്ന് വാല്യങ്ങളിൽ, സമുഹവും വ്യക്തികളും നേരിട്ടു കൊണ്ടിരിക്കുന്ന സാമുഹിക പ്രശ്നങ്ങളിൽ നിന്നും പ്രകൃതിഷോഭങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും യുദ്ധ കെടുതികളിൽ നിന്നും രക്ഷിക്കണേയെന്നുള്ള നിസഹായനായ മനുഷന്റെ സർവ്വ ശക്തനോടുള്ള അപേക്ഷകളാണ്.

പ്രശ്ന സങ്കീർണമായ ജീവിത സാഹചര്യത്തിൽ ഭാവിയിലേക്കുള്ള പ്രത്യാശ നഷ്ടപ്പെട്ട മനുഷ്യ ജീവിതങ്ങൾക്ക് പ്രത്യാശയുടെ നുറുങ്ങു വെളിച്ചം കാണിച്ചു കൊടുത്തു കൊണ്ട് ഏത് പ്രതിസന്ധികളിലും തളരാതെ പിടിച്ചു നിൽക്കുവാൻ ഒരോ വ്യക്തിയെയും പ്രാപ്തമാക്കുക എന്നതാണ് ഈ ബാഊത്ത ആചരണത്തിന്റെ പ്രധാനലക്ഷ്യം.സഭമേലദ്ധ്യഷൻ മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത,മറ്റു സീനിയർ വൈദികർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

പെൻഷനേഴ്സ് അസോസിയേഷൻ പ്രതിഷേധ ധർണ്ണ നടത്തി

ഇരിങ്ങാലക്കുട : പെൻഷൻ ആനുകൂല്യങ്ങളുടെ പ്രഖ്യാപനം നിഷേധിച്ച കേരള ബഡ്ജറ്റിനെതിരെ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ നിയോജക മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ട്രഷറിക്ക് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ സംസ്ഥാന കൗൺസിൽ അംഗം എം. മൂർഷിദ് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് കെ.പി. മുരളീധരൻ അധ്യക്ഷത വഹിച്ചു.

ഇരിങ്ങാലക്കുട കോൺഗ്രസ് ബ്ലോക്ക് പ്രസിഡണ്ട് സി. എസ്. അബ്ദുൾ ഹഖ് മുഖ്യ പ്രഭാഷണം നടത്തി. ജില്ല കമ്മറ്റി അംഗങ്ങളായ എ.സി. സുരേഷ്, കെ. കമലം, ജില്ല കൗൺസിൽ അംഗം എ.എൻ. വാസുദേവൻ, പി.ഐ. ജോസ്, കെ. വേലായുധൻ, സി.ഒ. ജോയ്, മണി വി.കെ. എന്നിവർ പ്രസംഗിച്ചു.

ബജറ്റ് പൊതുവിദ്യാഭ്യാസ മേഖലയെ വഞ്ചിച്ചു: ടി വി ചന്ദ്രമോഹൻ

തൃശ്ശൂർ: പൊതുവിദ്യഭ്യാസ മേഖലയ്ക്ക് ബജറ്റ് അനുവദിച്ച 2391.13 കോടി കഴിഞ്ഞ ബജറ്റിന്റെ ആവർത്തനമാണെന്നും കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ യൂണിഫോം അലവൻസുൾപ്പെടെ ഭൂരിഭാഗവും നടപ്പിലാക്കാത്തതാണെന്നും പുതിയ നിർദേശങ്ങളും പദ്ധതികളും ഇല്ലാത്ത ബജറ്റ് നിർദേശങ്ങൾ പൊതുവിദ്യഭ്യാസ മേഖലയെ വഞ്ചിക്കുന്നതാണെന്നും ടി വി ചന്ദ്രമോഹൻ പറഞ്ഞു.

കെ പി എസ് ടി എ തൃശ്ശൂർ ജില്ല കമ്മിറ്റി നടത്തിയ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യ വികസനത്തിന്ന് അനുവദിച്ച 84. 28 കോടി നാമമാത്രമാണ്. ആയിരക്കണക്കിന് അധ്യാപകരുടെ നിയമന അംഗീകാരത്തിന് യാതൊരു നിർദേശങ്ങളും ഇല്ല. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പെൻഷൻ നയത്തെ കുറിച്ച് ബജറ്റ് മൗനം പാലിക്കുന്നു.പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട സമയം കഴിഞ്ഞ ജൂലൈയിൽ അതിക്രമിച്ചിട്ടും കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിലെ 4 ഗഡു അരിയറിൽ 2 ഗഡുമാത്രം അനുവദിക്കുകയും 6 ഗഡു ഡി എ അരിയറിൽ ഒരു ഗഡു മാത്രം അനുവദിക്കുകയും ചെയ്യുന്ന ബജറ്റ് നിർദേശങ്ങൾ അധ്യാപകരെ കബളിപ്പിക്കുന്നതാണ്. പുതിയ ശമ്പള കമ്മീഷനെ കുറിച്ച് ബജറ്റ് മൗനം പാലിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ഉച്ചഭക്ഷണം ഉൾപ്പടെയുള്ള കുട്ടികളെ നേരിട്ട് ബാധിക്കുന്ന വിഷയങ്ങളിൽ പ്രായോഗിക നിർദേശങ്ങൾ ഇല്ലാത്തതും വിദ്യഭ്യാസ മേഖലയോടുള്ള സർക്കാരിന്റെ ചിറ്റമ്മ നയം വ്യക്തമാണ്. കോടതി നിർദേശം ഉണ്ടായിട്ടു പോലും പ്രീ പ്രൈമറി മേഖലയെ ബജറ്റ് പൂർണ്ണമായും അവഗണിച്ചുവെന്നും ജില്ലകമ്മറ്റി കുറ്റപ്പെടുത്തി.

തൃശ്ശൂർ ജില്ല പ്രസിഡന്റ് ജയപ്രകാശ് പി കെ അദ്ധ്യക്ഷത വഹിച്ചു.ജില്ല സെക്രട്ടറി കെ എസ് സുഹൈർ സ്വാഗതവും ശ്രീപദ്മനാഭൻ പി സി നന്ദിയും പറഞ്ഞു.സംസ്ഥാന സീനിയർ വൈസ് പ്രസിണ്ടൻറ് ഷാഹിദ റഹ്മാൻ, സാജു ജോർജ്, സംസ്ഥാന നിർവ്വാഹക സമിതിയംഗങ്ങളായ ജോബി കെ ജെ, ജെയ്സൺ എ എം ജെയ്സൺ ടി യു, ജിജോ സി ആർ, റെയ്ജു പോൾ, ജെസ്ലിൻ ജോർജ്, ഷാജി എം ജെ എന്നിവർ പ്രസംഗിച്ചു

സംഗമഗ്രാമമാധവനെ കുറിച്ച് എഴുതിയ പുസ്തകത്തിന് ദില്ലി വേൾഡ് ബുക്ക് ഫെയറിൽ പ്രകാശനം

ഇരിങ്ങാലക്കുട: സംഗമഗ്രാമമാധവന്റെ രണ്ടു കൃതികൾ' എന്ന ലിറ്റി ചാക്കോയുടെ പുസ്തകം NBT (നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ) ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് അദ്ധ്യാപികയാണ് ലിറ്റി ചാക്കോ. കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ, യു ജി സി ചെയർമാൻ പ്രൊഫ എം. ജഗദേഷ് കുമാർ, ത്രിപുര ഗവർണർ എൻ. ഇന്ദ്രസേന റെഡ്ഡി, ദേശീയ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി വിനീത് ജോഷി, ദേശീയ സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി സഞ്ജയ് കുമാർ, NBT ചെയർമാൻ പ്രൊഫ. മിലിന്ദ് സുധാകർ മറാത്തെ, NBT ഡയറക്ടർ യുവരാജ് മാലിക് എന്നിവർ ചേർന്ന് പ്രകാശന കർമ്മം നിർവ്വഹിച്ചു.

NDRF 2025 അഥവാ വേൾഡ് ബുക്ക് ഫെയറിന്റെ പ്രാഢമായ തീം പവലിയനിലായിരുന്നു പരിപാടി നടന്നത്. ഭാരതത്തിന്റെ ശാസ്ത്ര പാരമ്പര്യത്തിന് നട്ടെല്ലു നിവർത്തി നിൽക്കാൻ കഴിയുന്ന സംഭാവനകൾ നൽകിയ വ്യക്തിത്വമാണ് സംഗമഗ്രാമമാധവൻ എന്നും ഇത്തരം പഠനങ്ങൾ ഭാരതീയ ജ്ഞാന പരമ്പരയുടെ വീണ്ടെടുപ്പുകളാണെന്നും മന്ത്രി പറഞ്ഞു. ഭാരതത്തിൽ താളിയോലകളിലും മറ്റും ഉൾക്കൊള്ളുന്ന ഇത്തരം അറിവുകളുടെ ആർക്കൈവൽ സംരക്ഷണത്തിനായി കേന്ദ്രസർക്കാർ ബജറ്റിൽ 60 കോടി രൂപ വകയിരുത്തിയിട്ടുള്ളതായും അദ്ദേഹം പറഞ്ഞു.

സംഗമഗ്രാമമാധവനെക്കുറിച്ചുള്ള പഠനവും മാധവന്റെ അപ്രകാശിതവും അലഭ്യവുമായിരുന്ന കൃതികളും ഉൾപ്പെടുത്തിയിട്ടുള്ളതാണ് 'സംഗമഗ്രാമമാധവന്റെ രണ്ടു കൃതികൾ' എന്ന ലിറ്റി ചാക്കോയുടെ പുസ്തകം.സംഗമഗ്രാമമാധവനെ കുറിച്ച് കഴിഞ്ഞ രണ്ടു പതിറ്റാണ്ടോളം കാലത്തെ ഇവരുടെ ഗവേഷണത്തിന്റെ ഒരു ഫലം കൂടിയാണിത്.

തികച്ചും അക്കാദമികമായി ഈ വിഷയത്തെ സമീപിക്കുന്നവർക്ക് ഉപകാരപ്രദമാണ് ഈ പുസ്തകം. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് ഉടൻ ലഭ്യമാവും എന്ന് ചഅാറ അറിയിച്ചു. ലോകത്തിലെ തന്നെ ശ്രദ്ധേയമായ പുസ്തകോത്സവമായ NDWBF ന്റെ വേദിയിൽ ഈ പുസ്തകത്തിന്റെ പ്രകാശനച്ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി പറഞ്ഞു. കലാലയത്തിൽ നിന്നും സിസ്റ്റർ സങ്കീർത്തനയും ചടങ്ങിൽ പങ്കെടുത്തു.

കേരളീയ ഗണിത സരണിയുടെ മുഴുവനും പൈതൃകം അനാവരണം ചെയ്യുന്ന പുതിയ പുസ്തകത്തിന്റെ പണിപ്പുരയിലാണ് ലിറ്റി ചാക്കോ.

40 രാജ്യങ്ങളിൽ നിന്നായി ആയിരത്തിലധികം പ്രസാധകരാണ് രണ്ടായിരത്തിലധികം സ്റ്റാളുകളിലായി NBT നേതൃത്വം നൽകുന്ന വിശ്വ പുസ്തകമേളയിൽ പങ്കെടുക്കുന്നത്. അറുന്നൂറിലധികം പരിപാടികൾ ഇതിൽ ഒരുക്കിയിരുന്നു. ഫെബ്രുവരി 1 ന് രാഷ്ട്രപതി ആദരണീയയായ ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്ത് 9 ന് അവസാനിച്ച പുസ്തകമേളയിൽ ഇരുപതു ലക്ഷത്തോളം ആളുകളാണ് പങ്കെടുത്തത്.

അംബേദ്കർ ഗ്രാമവികസന പദ്ധതി: വിവിധ പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനം

പാറളം: ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി വഴി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം സി സി മുകുന്ദൻ എം.എൽ.എ നിർവഹിച്ചു. ശാസ്താംകടവ് നഗറിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന ഇടങ്ങൾ പുനരുദ്ധരിക്കുക, ഭവന പുനരുദ്ധാരണം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്.

പാറളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി വിനയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എ കെ രാധാകൃഷ്ണൻ മാസ്റ്റർ മുഖ്യാതിഥിയായി പങ്കെടുത്തു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പ്രമോദ് കെ സ്വാഗതം പറഞ്ഞു. ആശംസകൾ നേർന്നുകൊണ്ട് ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെറി ജോസഫ്, പാറളം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജെയിംസ് പോൾ, വാർഡ് മെമ്പർ ജൂബി മാത്യു എന്നിവർ സംസാരിച്ചു സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എൻജിനീയർ സന്ധ്യ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ വാലന്റീന കെ ഡി നന്ദി പറഞ്ഞു.

രജിസ്ട്രേഷൻ വകുപ്പ് അവലോകന യോഗം 18 ന്

തൃശൂർ : രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ തല അവലോകന യോഗം ഫെബ്രുവരി 18 ന് രാവിലെ 11ന് ചേരും.തൃശൂർ രജിസ്ട്രേഷൻ കോംപ്ലക്സിലെ കോൺഫറൻസ് ഹാളിൽ ചേരുന്ന യോഗത്തിൽ രജിസ്ട്രേഷൻ -മ്യൂസിയം-പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിക്കും.

ബാറിലെ ആക്രമണം, പ്രതികൾ പിടിയിൽ

തൃശൂർ: ഇക്കഴിഞ്ഞ ഫെബ്രുവരി 2ന് രാത്രി 10 മണിയോടെ കോടന്നൂർ പുരം ബാറിന്റെ പാർക്കിങ്ങ് പരിസരത്ത് വച്ച് ചേർപ്പ് സ്വദേശിയായ അഖിൽ കൃഷ്ണൻ (36) എന്നയാൾ സഞ്ചരിച്ച വച്ച് ഓട്ടോറിക്ഷ ദേഹത്ത് തട്ടിയതിലുള്ള വിരോധത്താൽഅഖിൽ കൃഷ്ണനെ തടഞ്ഞ് നിർത്തി ബൈക്കിന്റെ കീ ഉപയോഗിച്ച് വായിലും മൂക്കിലും ഇടിച്ച് കൈ കൊണ്ട് മുഖത്തു തലയിലും ഇടിച്ചും ഓട്ടോയിൽ കയറിയ അഖിൽ കൃഷ്ണനെ വാഹനത്തിൽ നിന്നും വലിച്ചിറക്കി വീണ്ടും ഹെൽമെറ്റ് കൊണ്ട് തലക്കടിച്ചും ഗുരുതരമായ പരിക്ക് ഏൽപിച്ച കാര്യത്തിന് ആദർശ് 19 വയസ്സ്, പടൂരാൻ വീട് പള്ളിപ്പുറം കോടന്നൂർ വില്ലേജ്, വിവേക് 24 വയസ്സ് പട്ടാട്ടിൽ വീട് കണ്ണംകുളങ്ങര, ചിയാരം വില്ലേജ് എന്നിവർ വിയ്യൂർ ഭാഗത്ത് ഒളിച്ചു താമസിക്കുന്നുണ്ടെന്ന രഹസ്യ വിവരം തൃശൂർ റൂറൽ പോലിസ് മേധാവി ബി കൃഷ്ണകുമാർ IPS ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിയ്യൂർ മാറ്റാംപുറത്തുള്ള വീട്ടിൽ ഒളിച്ചു താമസിക്കുന്ന ഇവരെ പിടികൂടിയിട്ടുള്ളത്.

വിവേക് ഗോപിക്കെതിരെ 2022 ൽ വിയ്യൂർ പോലിസ് സ്റ്റേഷനിൽ 4 അടിപിടിക്കേസും ഒരു വധശ്രമക്കേസും, തൃശ്ശൂർ ഈസ്റ്റ് പോലിസ് സ്റ്റേഷനിൽ അനധികൃത പണമിടപാട് കേസ് അടക്കം 12 ക്രിമിനൽ കേസ് പ്രതിയും കാപ്പ നിയമപ്രകാരം 6 മാസത്തേക്ക് തൃശ്ശൂർ ജില്ലയിൽ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ഗുണ്ടയുമാണ്. അറസ്റ്റ് ചെയ്ത സംഘത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ പ്രദീപൻ T N, സജി ബാൽ, ജീവൻ, പോലീസ് ഉദ്യോഗസ്ഥരായ ഗോകുൽ ദാസ്, അജിത്ത് എന്നിവരുണ്ടായിരുന്നു.

പാരന്റ്സ് ഡേ മാതൃകാപരമാക്കി വിദ്യാ വിഹാർ സെൻട്രൽ സ്കൂൾ

കാക്കശ്ശേരി: വിദ്യാവിഹാർ സെൻട്രൽ സ്കൂളിലെ പാരന്റ്സ് ഡേ ആഘോഷം ദേശിയ അവാർഡ് നേടിയ ഗായിക ശ്രീമതി നഞ്ചിയമ്മ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.ഫെബ്രുവരി 8 ന് ഉച്ചക്ക് 2 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും മുത്തശ്ശന്മാരെയും മുത്തശ്ശിമാരെയും ആദരിച്ചത് ഹൃദയസ്പർശിയായ അനുഭവമായി. അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന് നടത്തിയ ആകർഷകമായ ബാൻഡ് മേളത്തോടെയാണ് മുഖ്യ അതിഥിയായ നഞ്ചിയമ്മയെയും മറ്റു വിശിഷ്ട വ്യക്തികളെയും സ്വീകരിച്ചത് കലയോടുള്ള അടങ്ങാനാവാത്ത അഭിവാഞ്ജയും അയ്യപ്പനും കോശിയുമെന്ന സിനിമയിലെ ഗാനവുമാണ് ലോകമാകമാനം തനിക്ക് സഞ്ചരിക്കാനും , തന്നെ ഇഷ്ടപ്പെടുന്നവരെ കാണാനും സഹായിച്ചതെന്ന് ശ്രീമതി നഞ്ചിയമ്മ ഉദ്ഘാടന പ്രസംഗത്തിൽ നന്ദിയോടെ സ്മരിച്ചു. സിനിമ സംവിധായകൻ കെ.ബി. മധു, സിനിമാ താരങ്ങളായ സലിം കുമാർ , ടിറ്റോ പുത്തൂർ , ബിമിത ടിറ്റോ, പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരനും കേരളാ സംഗീതനാടക അക്കാദമി അവാർഡ് ജേതാവുമായ മണലൂർ ഗോപിനാഥ്,സിനിമാ പ്രവർത്തകനായ സിദ്ധു പനക്കൽ, ഫാഷൻ സ്യൂ മോഡലിംഗ് അക്കാദമി ചെയർമാർ ബിനീഷ്.കെ.ബി, ക്ലബ് എഫ്.എം സീനിയർ ആർ.ജെ. വിനീത് , കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് ജമാൽ താമരത്ത് എന്നിവർ ചടങ്ങിൽ പ്രത്യേക അതിഥികളായിരുന്നു. സ്കൂൾ പ്രിൻസിപ്പാൾ ഉഷാ നന്ദകുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് അഡ്വ.സുജിത് അയിനിപ്പുള്ളി അധ്യക്ഷത വഹിച്ചു.മാനേജിംഗ് ട്രസ്റ്റി അഡ്വ.കെ.വി.മോഹനകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.അക്കാദമിക് ഡയറക്ടർ ശോഭ മേനോൻ , പി.ടി.എ വൈസ് പ്രസിഡന്റ് കെ.എ .ജെതിൻ തുടങ്ങിയവരും ചടങ്ങിൽ പ്രസംഗിച്ചു . കുറ്റൂക്കാരൻ ഗ്രൂപ്പ് എസ് സിഎംഎസ് ഇൻസ്റ്റിട്യൂഷൻ ഫോർ റോഡ് സേഫ്റ്റി ആൻ ആൻഡ് ട്രാൻസ്പോർട്ടേഷൻ നടത്തുന്ന സുരക്ഷിത് മാർഗിന്റെ ആഭിമുഖ്യത്തിൽ വിദ്യാവിഹാർ സെൻട്രൽ സ്കൂൾ പാരന്റ്സ് ഡേ ദിവസം ലക്കി ഡ്രോയിലൂടെ തിരഞ്ഞെടുക്കപ്പെട്ട രക്ഷിതാക്കൾക്ക് റോഡ് സുരക്ഷാ ഉപകരണങ്ങൾ സമ്മാനിച്ചു. പരിപാടിയിൽ പ്രി ഫെക്ട്സ് ആയി രക്ഷിതാക്കളും ആങ്കറിങ്ങിന് വിദ്യാർത്ഥിമായിരുന്നത് പരിപാടിയുടെ മാറ്റ് കൂട്ടി. അധ്യാപകരും രക്ഷിതാക്കളും കുടുംബാംഗങ്ങളും ഒത്തൊരുമിച്ചുള്ളൊരു പരിപാടി ജില്ലയിൽ തന്നെ ഇതാദ്യമാണെന്ന് സംഘാടകർ പറഞ്ഞു.

ഹജ്ജ് സാങ്കേതിക പരിശീലന ക്ലാസ്സ് മൂന്നുപീടികയിൽ നടന്നു

തൃശൂർ: സംസ്ഥാന ഹജ്ജ് കമ്മറ്റിക്ക് കീഴിൽ ഈ വർഷത്തെ ഹജ്ജ് കർമത്തിന് തിരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ ഹാജിമാർക്കുള്ള രണ്ടാം ഘട്ട ഹജ്ജ് സാങ്കേതിക പരിശീലന ക്ലാസ്സ് രാവിലെ 8ന് മൂന്നു പീടിക കാക്കാത്തുരുത്തി ഇസ്സത്തുൽ ഇസ്ലാം മദ്സ ഓഡിറ്റോറിയത്തിൽ നടന്നു. സംസ്ഥാന ഹജ്ജ് കമ്മിറ്റി ട്രെയിനിംഗ് ഫാക്കൾട്ടി അംഗങ്ങളായ എൻ പി ഷാജഹാൻ, അബ്ദുറഹ്മാൻ പുഴങ്കര എന്നിവർ സാങ്കേതിക പഠന ക്ലാസിന് നേതൃത്വം നൽകി.

ഹജ്ജ് കമ്മിറ്റി മെമ്പർ അനസ് ഹാജി ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രെയിനിംഗ് ഓർഗനൈസർ ഡോ. സുനിൽ ഫഹദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഹജ്ജ് കമ്മിറ്റി മെമ്പർ നൂർ മുഹമ്മദ് നൂർഷ മുഖ്യപ്രഭാഷണം നടത്തി.

പോലീസ് സൂപ്രണ്ട് നജീബ്, ഹബീബ് ആറ്റൂർ, പി എ അബ്ദുല്ല, എം എച്ച് മുഹമ്മദലി, ഷക്കീർ, അമീർ തളിക്കുളം സംസാരിച്ചു. ഹാഫിള് അബ്ദുറഹിമാൻ അൻവരി പ്രാർഥന നിർവഹിച്ചു. ഹജ്ജ് കമ്മിറ്റി ട്രെയിനിംഗ് ഓർഗനൈസർമാർ, ബദർപള്ളി മഹല്ല് ഭാരവാഹികൾ, ഇസത്തുൽ ഇസ്ലാം മദ്രസ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

നിര്യാതയായി

ഗൗരി